**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1886** **12-09-2023 - ൽ മറുപടിയ്ക്ക്**

**കേരള സർവകലാശാല - യൂണിവേഴ്സിറ്റി രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ തുടങ്ങിയവരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം യൂണിവേഴ്സിറ്റി രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ തുടങ്ങിയവരുടെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥ പ്രകാരം സർക്കാർ സർവീസിലുള്ള ഉദ്യോഗസ്ഥരിൽ നിന്ന് മാത്രമേ നടത്താൻ പാടുള്ളൂ എന്ന നിയമം കേരള സർവകലാശാല പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ; | (എ) | 1977 ലെ കേരള സർവകലാശാല 1st സ്റ്റാറ്റ്യൂട്ട് പ്രകാരം, സർവകലാശാല രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് തുടങ്ങിയവരുടെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥ പ്രകാരം സർക്കാർ സർവീസിലുള്ള ഉദ്യോഗസ്ഥരിൽ നിന്നുമാത്രമേ നിയമിക്കാവൂ എന്ന് നിഷ്കർഷിക്കുന്നില്ല. കേരള സർവകലാശാല രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരെ സർവകലാശാല ചട്ടങ്ങളും സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകളും പാലിച്ചുകൊണ്ട് സെലക്ഷൻ കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റ് ആണ് നിയമിക്കുന്നത്. |
| (ബി) | സമാന രീതിയിൽ കാലിക്കറ്റ് സർവകലാശാലയിൽ നടത്തിയ രജിസ്ട്രാർ നിയമനം കോടതി ഇടപെടലിനെ തുടർന്ന് അവസാനിപ്പിച്ചുവോ;വ്യക്തമാക്കാമോ; | (ബി) | കാലിക്കറ്റ് സർവകലാശാലയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതനായ രജിസ്ട്രാറുടെ നിയമനം, കോടതി ഇടപെടലുകളെ തുടർന്ന് സർവകലാശാല അവസാനിപ്പിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.<br><br>18.12.2020 ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരം, കാലിക്കറ്റ് സർവകലാശാലയിൽ രജിസ്ട്രാർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതനായിരുന്ന അധ്യാപകന് പ്രസ്തുത തസ്തികയിൽ 14.02.2021 വരേയോ സ്ഥിരനിയമനം നടത്തുന്നതുവരേയോ (ഏതാണോ ആദ്യം) തുടരുന്നതിന് അനുമതി നൽകിയിരുന്നു.<br><br>കാലിക്കറ്റ് സർവകലാശാലയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതനായിരുന്ന രജിസ്ട്രാർ, സ്വമേധയാ 09.02.2021 ന് വിടുതൽ വാങ്ങി പോവുകയായിരുന്നു. |
| (സി) | കേരള യൂണിവേഴ്സിറ്റി രജിസ്ട്രാർ നിയമനം സംബന്ധിച്ച പരാതിയിൽ ഗവർണർ വിശദീകരണം തേടിയിട്ടുണ്ടോ; യൂണിവേഴ്സിറ്റി ഗവർണർക്ക് മറുപടി നൽകിയോ; | (സി) | ഉണ്ട്. മറുപടി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സർവകലാശാല ചട്ടത്തിന് വിരുദ്ധമായി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ കോളേജ് അധ്യാപകന് ഡെപ്യൂട്ടേഷൻ നിയമനം നൽകിയത് സ്റ്റാറ്റ്യൂട്ടിനെതിരാണെന്നത് സർവ്വകലാശാലയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) | കേരള സർവകലാശാല രജിസ്ട്രാർ നിയമനം സർവകലാശാല ചട്ടങ്ങളും സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകളും പാലിച്ച് മാത്രമാണ് സർവകലാശാലാ സിൻഡിക്കേറ്റ് നടത്തിയിട്ടുള്ളത്. സർവകലാശാല ചട്ടത്തിന് വിരുദ്ധമായി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ കോളേജ് അധ്യാപകന് സർവകലാശാലയിൽ നിയമനം നൽകിയിട്ടില്ല. |
| (ഇ) | ഇതിൽ സർവകലാശാല എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ